# പ്രധാനമന്ത്രിയുടെ ഇന്തോനേഷ്യയിലെ ജക്കാർത്ത സന്ദർശനം (സെപ്റ്റംബർ 06-07, 2023)

സെപ്റ്റംബർ 02, 2023

റിപ്പബ്ലിക്ക് ഓഫ് ഇൻഡോനേഷ്യയുടെ പ്രെസിഡെന്റ് ശ്രീ ജോക്കോ വിഡോഡോയുടെ ക്ഷണം സ്വീകരിച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, 2023 സെപ്റ്റംബർ 06-07 തീയതികളിൽ ഇന്തോനേഷ്യയിലെ ജക്കാർത്തയിലേക്ക് യാത്ര ചെയ്യും.

2 തന്റെ സന്ദർശന വേളയിൽ, ആസിയാനിന്റെ നിലവിലെ ചെയറായ ഇന്തോനേഷ്യ ആതിഥേയത്വം വഹിക്കുന്ന 20-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 18-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.

3 വരാനിരിക്കുന്ന ആസിയാൻ-ഇന്ത്യ ഉച്ചകോടി 2022-ൽ ഇന്ത്യ-ആസിയാൻ ബന്ധം സമഗ്രമായ തന്ത്രപരമായ പങ്കാളിത്തത്തിലേക്ക്(കോംപ്രീഹെൻസീവ് സ്ട്രാറ്റജിക് പാർട്ണർഷിപ് ) ഉയർത്തിയതിന് ശേഷമുള്ള ആദ്യ ഉച്ചകോടിയാകും. ഉച്ചകോടിയിൽ ഇന്ത്യ-ആസിയാൻ ബന്ധങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയും സഹകരണത്തിന്റെ ഭാവി ദിശ നിർണയിക്കുകയും ചെയ്യും.

4 കിഴക്കൻ ഏഷ്യൻ ഉച്ചകോടി(ഈസ്റ്റ് ഏഷ്യൻ സമിറ്റ് ) ആസിയാൻ രാജ്യങ്ങളിലെ നേതാക്കൾക്കും ഇന്ത്യ ഉൾപ്പെടെയുള്ള അതിന്റെ എട്ട് സംഭാഷണ പങ്കാളികൾക്കും പ്രധാന പ്രാദേശിക ആഗോള വിഷയങ്ങളിൽ ആശയങ്ങൾ കൈമാറാൻ അവസരം നൽകും.

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 02, 2023**